# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 583** **10.06.2014- ൽ മറുപടിക്ക്**

**"കേരള സോപ്പിന്റെ സാമ്പത്തിക സ്ഥിതി"**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രദീപ് കുമാർ** | | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | കോഴിക്കോട് കേരളാ സോപ്പ് എന്ന സ്ഥാപനം ആരംഭിച്ചതിനു ശേഷം പ്രസ്തുത സ്ഥാപനത്തിന്റെ ഇതുവരെയുള്ള ഓരോ വർഷത്തേയും സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ; | എ) | കേരളാ സോപ്പ് യൂണിറ്റ് 2009-10 സാമ്പത്തിക വർഷത്തിൽ 75.50 ലക്ഷം രൂപയും 2010-11-ൽ 330.96 ലക്ഷം രൂപയും 2011-12-ൽ 178.99 ലക്ഷം രൂപയും 2012-13-ൽ 132.18 ലക്ഷം രൂപയും നഷ്ടത്തിലായിരുന്നു. എന്നാൽ 2013-14 സാമ്പത്തിക വർഷത്തിൽ 10 കോടിയുടെ സോപ്പ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയും 15.00 ലക്ഷം രൂപ ലാഭം നേടുകയും ചെയ്തു. |
| ബി) | പ്രസ്തുത സ്ഥാപനത്തിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ബി) | വർഷത്തിൽ 6000 മെട്രിക് ടൺ വീതം ഉത്പാദനശേഷിയുള്ള രണ്ട് പ്രൊഡക്ഷൻ മെഷിനറി യൂണിറ്റ് കേരള സോപ്പിൽ സ്ഥാപിച്ചിട്ടുണ്ട്. മാർക്കറ്റിന്റെ ആവശ്യകത അനുസരിച്ച് ഷിഫ്റ്റുകളുടെ എണ്ണം കൂട്ടി ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**